# Malankara Orthodox Syrian Church
## South-West Diocesan of America

## മർത്തമറിയം വനിതാസമാജം വാർഷികപരീക്ഷ – 2010
**(Date: October 30 Time: 2:30 hours)**

നിർദ്ദേശങ്ങൾ:

1. ചോദ്യങ്ങൾ ഉത്തരക്കടലാസിൽ പകർത്തി എഴുതേണ്ടതില്ല.
2. ചോദ്യം നമ്പറുകൾ തെറ്റാതെ ഇട്ട് ഉത്തരങ്ങൾ എഴുതുക
3. 40 മാർക്കുകൾ ലഭിക്കുന്നവർ വിജയിക്കുന്നതാണ്

I. പേരെഴുതുക (5 marks)

1. അഖില മലങ്കര മർത്തമറിയം വനിതാസമാജം പ്രസിഡൻറ്റ്?
2. വി. മൂറോൻ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന തൈലം?
3. മർത്തമറിയം സമാജം ആരംഭിച്ച സ്വയം സഹായ സംഘടന?
4. ഐക്യരാഷ്ട്ര സംഘടന 2010 ന് കൊടുത്തിരിക്കുന്ന പേര്?
5. മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ ബാവാമാർ പൊതുവായി പേരിനോട് ചേർക്കുന്ന സഭാപിതാവിൻെറ പേര്?

II. ചേരുംപടി ചേർക്കുക (5 marks)

| | | |
|---|---|---|
| 1. യൗസേബിയോസ് | - | ദൈവം |
| 2. യെൽദോ | - | ശലോമോൻ |
| 3. ഒൻപതാംമണി | - | എൻെറ സഹോദരൻമാരെ |
| 4. ആലോഹോ | - | ജനനം |
| 5. ഹാബീബായ് | - | കർത്താവേ വാഴ്ത്തേണമെ |
| 6. എനിയോനോ | - | എൻെറ വാത്സല്യമുള്ളവരെ |
| 7. ശൈനോ | - | കർത്താവ് പ്രാണനെ വെടിയുന്നു |
| 8. യറുശലേം ദേവാലയം | - | ദൈവഭക്തൻ |
| 9. ആഹായ് | - | സമാധാനം |
| 10. ബാറക്മോർ | - | ധ്യാനകീർത്തനം |

III. മന:പാഠം വാക്യം എഴുതുക (10 marks)

1. 1 തെസലോനിക്യർ 1 - 6
2. 1 തെസലോനിക്യർ 4 - 8
3. 1 തെസലോനിക്യർ 4 – 18
4. 2 തെസലോനിക്യർ 3 – 10
5. 1 തെസലോനിക്യർ 2 – 19

IV. റെഫറൻസ് എഴുതുക (10 marks)

1. "അതുകൊണ്ട് ഞങ്ങൾ നമ്മുടെ ദൈവത്തിൻെറയും കർത്താവായ യേശുക്രിസ്തുവിൻെറയും കൃപയാൽ നമ്മുടെ കർത്താവായ യേശുവിൻെറ നാമം

നിങ്ങളിലും നിങ്ങൾ അവനിലും മഹത്വപ്പെടേണ്ടതിന് നമ്മുടെ ദൈവം നിങ്ങളെ തൻെറ വിളിക്കു യോഗ്യരായി എണ്ണി സൽഗുണത്തിലുള്ള സകല താൽപര്യവും വിശ്വാസത്തിൻെറ പ്രവൃത്തിയും ശക്തിയോടെ പൂർണ്ണമാക്കിത്തരേണം എന്നു നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിയ്ക്കുന്നു."

2. "നമ്മുടെ കർത്താവായ യേശു തൻെറ സകല വിശുദ്ധൻമാരുമായി വരുന്ന പ്രത്യക്ഷത്തിൽ നമ്മുടെ ദൈവവും പിതാവുമായവൻെറ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ"
3. "ഞങ്ങളോ കർത്താവിനു പ്രിയരായ സഹോദരൻമാരെ ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിൻെറ വിശുദ്ധീകരണത്തിലും സത്യത്തിൻെറ വിശ്വാസത്തിലും രക്ഷയ്ക്കായി തിരഞ്ഞെടുത്തതുകൊണ്ട് നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടമ്പെട്ടിരിക്കുന്നു."
4. "സമാധാനത്തിൻെറ ദൈവം തന്നെ, നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ."
5. "സഹോദരൻമാരെ നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദു:ഖിക്കാതിരിക്കേണ്ടതിന് നിദ്രകൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു."

V. ഒറ്റ വാക്കിൽ ഉത്തരമെഴുതുക (10 marks)

1. സ്വർഗീയ ഭണ്ഡാരപ്പുര തുറക്കുന്ന താക്കോൽ ഏതാണ്?
2. സ്തുതിപ്പുകളുടെ പാരമ്യം എന്താണ്?
3. മറുബഹാസായിൽ കൊത്തിയിരിക്കുന്ന ചിത്രം എന്ത്?
4. ആരാധനയുടെ മകുടം ഏത്?
5. യാമപ്രാർത്ഥനയിലെ പ്രധാന പ്രാർത്ഥനയേത്?
6. കർത്താവെ ഞങ്ങളോടു കരുണയുണ്ടാകണമെ എന്നതിൻെറ സുറിയാനി പദം?
7. സ്ലൂസൊയെന്ന വാക്കിൻെറ അർത്ഥം?
8. നിരനിരയായ പ്രാർത്ഥനയുടെ സുറിയാനി പദം?
9. പാപപരിഹാര പ്രാർത്ഥനയുടെ സുറിയാനി പദം?
10. ഹൂത്തോമയെന്ന വാക്കിൻെറ അർത്ഥം?

VI. പൂരിപ്പിക്കുക (10 marks)

1. ഏവൻഗേലിയോൻ എന്ന വാക്കിൻെറ അർത്ഥം ______________________________
2. ആവർത്തിച്ചു പാടുന്ന പാട്ടാണ് ______________________________
3. മസ്മൂറകൾ എന്ന വാക്കിൻെറ അർത്ഥം ______________________________

4. അപ്രകാരം തന്നെ എന്ന അർത്ഥം വരുന്ന പദം_______________________

5. ഹൗദുമാലാഖെ എന്നാൽ _______________________ ആഘോഷമാണ്

6. അപേക്ഷാ ഗീതങ്ങളെ _______________________ എന്നറിയപ്പെടുന്നു

7. ഹാശാ എന്നാൽ _______________________ എന്നർത്ഥം

8. ശുശ്രൂഷകളുടെ അലങ്കാരത്തിനുപയോഗിക്കുന്ന ഗാനങ്ങൾ_______________________

9. ഭാഗ്യാവസ്ഥകൾ _______________________ ആകുന്നു

10. കർത്താവുപയോഗിച്ച ഭാഷ _______________________ ആകുന്നു

VII. ഉത്തരമെഴുതുക (ഏതെങ്കിലും 10 എണ്ണം) (20 marks)

1. പ്രാർത്ഥനയിൽ ആർക്കെല്ലാം പങ്കുചേരാം?
2. പ്രാർത്ഥനയുടെ 7 യാമങ്ങൾ ഏതെല്ലാം?
3. 7 യാമങ്ങളിൽ പ്രഭാതവും, 6ാം മണിയും എന്തിനെ ഓർക്കുന്നു?
4. കുരിശുവരയുടെ പാരമ്പര്യം?
5. കുമ്പിടീൽ പാടില്ലാത്ത അവസരങ്ങൾ ഏവ?
6. ശുശ്രൂഷകളുടെ ആരംഭത്തിൽ ശുബഹോലോ ചൊല്ലുമ്പോൾ ചൊല്ലുന്ന പ്രതിവാക്യം ഏത്?
7. ആരാധനയിൽ കുരിശിൻെറ സ്ഥാനം എന്ത്?
8. പുതിയ നിയമ ഗ്രന്ഥകർത്താക്കൾ ആരെല്ലാം?
9. കർത്താവിൻെറ മഹാപുരോഹിത പ്രാർത്ഥനയും കർത്തൃപ്രാർത്ഥനയും ഒന്നാണോ?
10. ഇന്നത്തെ വിശ്വാസപ്രമാണ ക്രോഡീകരണത്തിൽ ഏതെല്ലാം സുന്നഹദോസ് നിശ്ചയങ്ങൾ ഉൾക്കൊള്ളുന്നു?
11. ഓറിയെൻറൽ ഓർത്തഡോക്സ് സഭകൾ ഏവ?
12. പൊതുവിൻെറ ലേഖനങ്ങൾ ഏവ?

VIII. പാട്ട് എഴുതുക (10 marks)

1. മശിഹാരാജോത്ഥാനത്താൽ……………ആദ്യത്തെ രണ്ടു ഖണ്ഡിക

IX. മൗദ്യോനൂസോ പ്രാർത്ഥന എഴുതുക (10 marks)

X. ഏതെങ്കിലും ഒരെണ്ണം എഴുതുക (10 marks)

1. സ്ത്രീകളുടെ ശവസംസ്കാരശുശ്രൂഷയിൽ വായിക്കുന്ന വേദഭാഗം (1 തെസ 4: 13-18)
2. മലങ്കര ഓർത്തഡോക്സ് സഭയിലെ ആത്മീയപ്രസ്ഥാനം എന്ന നിലയിൽ മർത്തമറിയം വനിതാസമാജത്തിനുള്ള പ്രാധാന്യം (1 പേജ് )